പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 335 — 03.02.2020 - ൽ മറുപടിക്ക്.

## റേഷൻ കടകളിലെ ഭക്ഷ്യധാന്യ ഗുണനിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എ.പി. അനിൽ കുമാർ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** ഗുണനിലവാരം കുറഞ്ഞതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ കൂടി വിതരണം ചെയ്യുന്നുവെന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** ഒറ്റപ്പെട്ട ചില സ്ഥലങ്ങളിൽ ഇങ്ങനെയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകൾ മുഖേന ലഭിക്കുന്ന അരിയുടെയും ഗോതമ്പിന്റെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; | **(ബി)** റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പ വരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ ഗോഡൗണുകളിലേയ്ക്കും അവിടെ നിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ വ്യാപാരികളും ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയ ശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ആയത് പരിശോധന ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി |

സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ ഗോഡൗണുകളിലും എ.ആർ.ഡി. കളിലും FIFO (First In First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| **(സി)** സപ്ലൈകോ നെല്ല് സംഭരണം മുഖേന മില്ലുകൾ ലഭ്യമാക്കുന്ന നെല്ലിന്റെ കുത്തരി തന്നെയാണോ റേഷൻ വിതരണത്തിനായി വിനിയോഗിക്കുന്നതെന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; | **(സി)** സി.എം.ആർ മില്ലുകളിൽ സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി പരിശോധിച്ച് ശുപാർശ ചെയ്തതിന് ശേഷമാണ് കുത്തരി റേഷൻ കടകളിൽ എത്തുന്നത്. |
| **(ഡി)** ഗുണനിലവാരം സംബന്ധിച്ച പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പരിശോധന കർശനമാക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകാമോ? | **(ഡി)** പരിശോധനകൾ കർശനമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് പുറമേ സർക്കാർ തലത്തിലും പരിശോധനകൾ നടത്തുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ റേഷൻ കടകളിൽ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ എത്തിയാൽ യാതൊരു കാരണവശാലും കാർഡ് ഉടമകൾക്ക് അവ വിതരണം ചെയ്യാൻ പാടില്ല എന്നും ഇത്തരം സാഹചര്യത്തിൽ റേഷൻ കടക്കാർ അവ തിരികെ നൽകി നല്ല ഉൽപ്പന്നങ്ങൾ മാറ്റി വാങ്ങണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**